# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6814 13.07.2012 - ൽ മറുപടിയ്ക്ക്

## ബലൂൺ സർജറി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിലും ബലൂൺ സർജറി സൗകര്യമുള്ള സർക്കാർ ആശുപത്രികളിലും ബലൂൺ സർജറിക്ക് എത്ര തുകയാണ് ഈടാക്കുന്നത് ; വ്യക്തമാക്കുമോ ; | (എ) | ബലൂൺ സർജറി (ആൻജിയോപ്ലാസ്റ്റി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആർ. എസ്. ബി. വൈ പ്രകാരം ചിസ് പ്ലസിലൂടെ സൗജന്യമായാണ് ചെയ്യുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ബലൂൺ മൈട്രൽ വാൽവ് സർജറിയ്ക്ക് 25000/- രൂപയാണ് ഈടാക്കുന്നത്. മറ്റു മെഡിക്കൽ കോളേജ് ആശുപത്രികളിൽ ധമനികളുടെ തടസത്തിന്റെ ആധിക്യമനുസരിച്ച് തുകയിൽ വ്യത്യാസം വരാവുന്നതാണ്. |
| (ബി) പ്രസ്തുത തുക സ്വകാര്യ ആശുപത്രികളിൽ ഈടാക്കുന്നതിനേക്കാൾ കൂടുതലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത സർജറിക്ക് ചാർജ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ